


ഓട്ടൻതുള്ളലുകൾ



ഓട്ടൻതുള്ളലുകൾ

രചന:

പനങ്ങാട് പി. കെ. തങ്കപ്പൻപിള്ള

കേരള
ശാസ്ത്രസാഹിത്യ
പരിഷത്ത്

കേരള ശാസ്ത്രസാഹിത്യ പരിഷത്തിന്റെ
ആഭിമുഖ്യത്തിൽ 1980 ഒക്ടോബർ 2 മുതൽ
നവംബർ 7 വരെയുള്ള കാലയളവിൽ
തിരുവനന്തപുരം ജില്ലയിലെ കാരക്കോണത്തുനിന്നും
കാസർകോടുവരെ ഒരു ശാസ്ത്രകലാ ജാഥ
നടത്തുന്നതാണ്. അതോടനുബന്ധിച്ച്
സംസ്ഥാനത്തുടനീളം അവതരിപ്പിക്കുന്ന
സോദ്ദേശ കലാപരിപാടികളിലെ നാല്
ഓട്ടൻതുള്ളലുകളാണിവ. സ്കൂളുകളിലും
വായനശാലകളിലും പൊതുപരിപാടിക
ളോടനുബന്ധമായി പ്രയാസം കൂടാതെ ഇവ
അവതരിപ്പിക്കാൻ കഴിയും. അതിന് മുൻകൂർ
അനുവാദം വാങ്ങണമെന്ന നിർബന്ധവുമില്ല.

Ottanthullalukal
By Panangad P. K. Thankappan Pillai
Published in September 1980
Published and distributed by
Kerala Sastra Sahitya Parishad
Trivandrum—695001
Printed at: Swaraj Press & Publications Trivandrum

Cover: Chandranandan
price: Re. 0–75

KSSP SKJ$_3$ FC/8 1/4000

Paper used for the printing of this book has been made available by Government of India at concessional rate.

ഒന്നു്

ധർമാശുപത്രി

നിൽക്കാതുള്ളൊരു നിലവിളി കേട്ട–
പുക്കാറെന്താണെന്നു നിനച്ചു.
വെക്കമിരുട്ടത്തോടിച്ചെന്നു
തൽക്കാലം വിവരങ്ങളറിഞ്ഞു.

സർക്കാരാസ്പത്രിയിൽനിന്നും ജഡ–
മെത്തിച്ചയലത്തവറാച്ചൻെറ
മക്കളെ മൂന്നും തള്ളയുമവറാ–
ൻെറപ്പനമമ്മയുമാണു കരച്ചിൽ.

ഇരുപതുസെൻറിനകത്തൊരു കൂരയി–
ലെരിവയറോട്ട കഴിഞ്ഞീടുന്നോ–
രഗതികളുടെ തിണ്ണക്കു കരിന്തിരി
എരിയുന്നൊരു മണ്ണെണ്ണ വിളക്കം.

അയലത്തുള്ളഞ്ചാറാളുകരം വ–
ന്നിരുളത്തങ്ങിങ്ങായി വസിപ്പൂ.
കരയുന്നവരുടെ കണ്ണീരൊപ്പ–
ന്നവരൊരുവരുമവിടെത്തിയതില്ല.

റീത്തും കൊണ്ടു വരാനാളില്ല,
വാർത്താവിനിമയ ബന്ധവുമില്ല.

രാത്രിയിലോടാൻ കാറവിടില്ല–
പ്രാർഥിക്കാൻ വൈദീകരുമില്ല.

രാഷ്ട്രീയക്കാർ വന്നില്ലാരും
രാഷ്ട്രത്തലവന്മാർ വന്നില്ല.
വാർത്ത പരത്താൻ പത്രപ്രതിനിധി
ഓർത്തില്ലതുകൊണ്ടോ വന്നില്ല.

കീർത്തിയെഴന്നവനല്ല മരിച്ചോൻ
രാഷ്ട്രത്തിൻ പൊതു മുതൽ നല്ലവനായ്
ചോർത്തിയെടുത്തു തടിച്ചവനല്ലണു–
മാത്രവുമപരനു ദ്രോഹിയുമല്ല.

മാലോകർക്കു പണിക്കു നടക്കും
കൂലിയുമായ് തൻകൂരയിലെത്തും
ആറേഴെണ്ണത്തിന്നുപൊറുക്കാൻ
വേറേയില്ലൊരു മാർഗവുമവിടെ.

ഒട്ടദിനം കൊണ്ടൊരുനാളവറാൻ
പട്ടിണിയോടു പണിക്കു തിരിച്ചു.
ഒട്ടും സുഖമില്ലെങ്കിലുമാഗതി
കെട്ട കുടുംബത്തെ നിലനിർത്താൻ

അപ്പച്ചൻ അന്തിക്കുവരുമ്പോഴം
അത്താഴത്തിന്നരികൊണ്ടുവരും
മക്കളൊടുച്ചയ്ക്കമ്മ പറഞ്ഞുട–
നവറാൻ കേറി വരുന്നു വിറച്ച്.
തിണ്ണക്കിട്ടൊരു കീറപ്പായിൽ
കണ്ണുമടച്ചു പുതച്ചു കിടന്നു.
പെണ്ണമ്മയുമതുകണ്ടു നടുങ്ങി
ദണ്ഡത്തോടാരാഞ്ഞു വിശേഷം
ഉണ്ണാനില്ലുടുതുണിയതുമില്ല
കണ്ണിനുകാണാനില്ലൊരു പൈസ
കണ്ണീരോടയലത്തേക്കോടി
ചെന്നു കടംകൊണ്ടൊന്നരരൂപ

മട്ടമാറി—

സർക്കാർ നടത്തുന്ന ധർമാശുപത്രിയിൽ
ഭർത്താവിനെക്കൊണ്ടുപോയവരാംദീനയായ്
നിർധനർക്കാലംബമാണെന്ന തോന്നലേ
വ്യർഥം, ജനത്തിനായുള്ളാതുരാലയം
വിത്തവാന്മാരുടെ ചേപ്പിൽ കിടക്കുന്ന
പദ്ധതിപോലെയാണീയാശുപത്രിയും
അർഥമില്ലാത്തവനില്ല സർക്കാരിന്റെ
പദ്ധതി വർത്തകന്മാർക്കുചെന്നെത്തിടും
പട്ടിണിപ്പാവങ്ങരം പാടുപെട്ടാതുരർ
ഒട്ടല്ല ചീട്ടുമായ് നിൽക്കുന്ന പാവപോൽ
കുട്ടികരം വാർധക്യമുള്ളവർ നട്ടെല്ലി—
ലൊട്ടിപ്പിടിച്ച വയറുമായ് നിൽക്കുന്ന—
പാവപോൽ.

കയ്യൊടിഞ്ഞും കാലൊടിഞ്ഞും വ്രണംകൊണ്ടു
വയ്യാതെയും വയർവേദന വൻപനി
ക്കയ്യോ മരുന്നിനു കുപ്പിയും കൊണ്ടതാ
മെയ്യും തളർന്നു തകർന്ന മനസ്സുമായ്

നിൽക്കുന്ന ദീനർക്കൊരാശ്വാസമേകുവാൻ
മിക്കവാറും ഡോക്ടറില്ലാശുപത്രിയിൽ
കമ്പൗണ്ടർ സാർ കനിയേണം കളർവെള്ള
മുണ്ട് വൻകുപ്പികരം രണ്ടിൽ നിറച്ചതു്
വാതവും പിത്തം കഫം കാൻസറും പിള്ള-
വാതം ചൊറി ചുണങ്ങു ക്ഷയം വീക്കവും
ബോധക്ഷയം ഉറക്കക്കുറവ് മുടി
പോയിടാനും കിളിർക്കാനും അത്യുത്തമം.
നന്നായ് വയറിളകുന്നവർക്കും മരു—
ന്നൊന്നു തന്നെ മലശോധനക്കും സുഖം.
ശങ്കരപ്പിള്ള വയസ്സെൺപതു് കുപ്പി

കൊണ്ടുവാ മാററടപ്പെട്ട നേരം കടി.
പങ്കജാക്ഷി പതിനേഴടപ്പൂരിയേ
അംഗതളർച്ചക്കിതാറുനേരം കടി.
സുന്ദരി വാ കൊണ്ടുവാ വേഗമാകട്ടെ
ചെങ്കണ്ണിനാം സാർ കടിക്കുവാനല്ല സാർ
മുപ്പത്തു വർഷത്തെ സർവീസെനിക്കുണ്ടു
കൊച്ചേ പഠിപ്പിക്കുവാനോ വരുന്നുനീ.
ഉള്ള മരുന്നു കൊടുക്കും സർക്കാരിനി—
ന്നുള്ളാശുപത്രിയിലൊക്കെയുമിങ്ങനെ

മട്ടുമാറി:—

പണമുള്ളാളുകരം ചെല്ലും
മണിയും കൊണ്ടു കാലത്തേ
കണി കാണുന്നതു ഡോക്ടർ
ഗുണമുള്ള പണക്കാരെ
തുണ ചെയ്‌വാൻ മടിക്കാതെ
ക്ഷണം വേണ്ടതു—ൻ ചെയ്യും
പണം വാങ്ങിപ്പരിശുദ്ധാൻ
ഉടനേ യാത്രയും ചൊല്ലും.

മട്ടുമാറി:—

സർക്കാർ ആസ്പത്രിയിൽ ഡോക്ടർമാർ
കൈക്കൂലിക്കാരെന്നു പറഞ്ഞാൽ
തർക്കിക്കുന്നില്ലായതു കൊണ്ടൊരു
ചക്രം വരുവാനില്ല നിനച്ചാൽ.
പണമുണ്ടേൽ ജീവിക്കാനൊക്കും
പണമില്ലാത്തവരിവിടെ വരണ്ട
നാശങ്ങൾ വന്നീടും തുലയാൻ
ആസ്പത്രിയതാണഭയസ്ഥാനം
ലേശം ശമ്പളം ഉണ്ടല്ലാതെ

കാശ്ശുണ്ടാക്കാൻ വഴിയിവിടുണ്ടു്
അഡ്മിററാക്കും പണമുള്ളവരെ
ബഡ്ഡും നല്ലതവർക്കു കൊടുക്കും.
ഒട്ടെണ്ണത്തിനെയല്ലാതെയുമിവി–
ടഡ്മിററാക്കി നിലത്തുകിടത്തും.
മററുള്ളാസ്പത്രികളിൽച്ചെന്നാൽ
കുററം ബില്ലെഴുതുന്നതിനില്ല.
വിററുമുടിച്ചും നൽകും ജീവൻ
കിട്ടാൻ ഗതികെട്ടവനായാലും
എന്തിനു പറയുന്നാസ്പത്രിയിലെ
താന്തോന്നിത്തം ചില്ലറയല്ല.
ഔഷധമില്ല കുറിച്ചു കൊടുക്കും
ഔദാര്യം ചെയ്യുന്നതു ഡോക്ടർ
അന്യായവിലക്കൗഷധമുണ്ടിവി
ടുന്നതരായ പണക്കാർ വാങ്ങും.
പിന്നെച്ചില രാജ്യങ്ങൾ നിരോധി–
ക്കുന്ന മരുന്നു തരുന്നു കഴിക്കാൻ
പിന്നെച്ചില രാജ്യങ്ങൾ നിരോധി–
ക്കുന്ന മരുന്നു തരുന്നു മരിക്കാൻ.

മട്ടുമാറി:–

മെഡിക്കൽ സ്റ്റോറുകൾ നോക്കി
നടക്കും ഡോക്ടറെ കയ്യി
ലെടുത്ത കമ്പനിക്കാര
ൻെറട്ടത്തേയാമരുന്നുള്ള
കടുത്തോരു വില ജീവൻ
എടുത്തോട്ടെ പണമില്ല.
ഇടിത്തീവീണ ലോകത്തെ
മുടിക്കേണം ഒരുപോലെ
തടിച്ചവർത്തകർ വീണ്ടും

തടിക്കുന്നീ വ്യവസ്ഥയെ
ഉടച്ചുവാർത്തിടാതൊന്നും
നടപ്പില്ലെന്നതേ സത്യം.

മട്ടുമാറി:—

അവരാനെയവിടഡ്മിററാക്കി
പുറമേ പണവും കൊണ്ടവിടെത്താൻ
ഒരുവരുമില്ലാ പെണ്ണമ്മയുമാ
തറയിൽ കുത്തിയിരുന്നു കരഞ്ഞു.
പട്ടിണി വീട്ടിൽ നൃത്തംവച്ചു
കുട്ടികൾ വിദ്യാഭ്യാസം നിർത്തി
പട്ടടപൂകാറായവരാച്ചു—
ൻറപ്പനുമമ്മയുമെഴുന്നേൽക്കാതായ്
പനിമൂർഛരിച്ചു മരുന്നിനു ഡോക്ടർ
കനിവോടൊന്നു കുറിച്ചു കൊടുത്തു
മനമതിലാധി മുഴുത്തവർ തേടി
പണിചെയ്യിച്ചാ പടിവാതിലുകൾ
പണമില്ലെന്നു പറഞ്ഞു കവാടം
കനിവററുള്ളവർ പൂട്ടിത്തഴുതിട്ടു.
എല്ലുമെലുമ്പുമവശേഷിച്ചവർ
എല്ലായിടവും ഓടിനടന്നു.
മരണം തന്നെ ജയിച്ചു മരുന്നിനു്
പണമില്ലാത്തതു കൊണ്ടൊരു ജീവൻ
തകരുകയായ് രാജ്യത്തിന്നിങ്ങനെ
പണി ചെയ്യുന്നോൻ തീർന്നതുനഷ്ടം
തടിച്ചവർത്തകർ വീണ്ടും
തടിക്കുന്ന വ്യവസ്ഥയെ
ഉടച്ചുവാർത്തിടാതൊന്നും
നടപ്പില്ലെന്നതേ സത്യം.

□

രണ്ട്

മത്തായിക്കൊരു കത്ത്

ചെറുതായുള്ളൊരു തുള്ളൽക്കഥ ഞാൻ
ഉരചെയ്യുന്നതിലുള്ളൊരു കുറവുകൾ
അറിവുള്ളവരേ നിങ്ങൾ പൊറുത്തി-
ന്നനുമോദിക്കണമതിനു തൊഴുന്നേൻ-

(മട്ടുമാറി)

അന്തിക്കുകൂലിപ്പണി കഴിഞ്ഞാളുകൾ
അന്തോണിയേട്ടന്റെ ചായക്കടയതിൽ
സന്ധിച്ചു ചായ കഴിച്ചു പിന്നീടവർ
എന്തുകാര്യങ്ങളും ചർച്ചചെയ്തീടും.
പൊക്കം കുറഞ്ഞു വെളുത്ത ശരീരവും
മുക്കാൽ കഷണ്ടി കഴുത്തിലെ താലിയും
വക്ഷസിലഞ്ചാറു രോമം വെളുത്തതും
കക്ഷിയുടുത്ത മുണ്ടഃയ്യോ കറുത്തതും
വെററ മുറുക്കുന്ന വായിൽ പുളിങ്കുരു
മട്ടിലഞ്ചാറു പല്ലാടി നിൽക്കുന്നതും
കാപ്പിക്കടക്കാരനന്തോണിയേട്ടനാ-
നാട്ടുകാർക്കാർക്കും വിരോധിയല്ലൊട്ടുമേ
ഒട്ടുപേർ ചേർന്നു വാഗ്വാദം നടത്തുന്ന
കഷ്ടം നിരക്ഷരരാണവരൊക്കെയും

രാഷ്ട്രീയമാ ചർച്ചയീ ഭാരതത്തിലെ–
ശ്രേഷ്ഠമാം സോഷ്യലിസത്തിൻെറ രൂപമാം.
ഇന്ദിരാ കോൺഗ്രസ്സും കേരളാകോൺഗ്രസ്സും
പിന്നെ സി.പി. ഐ. യും മാർക്സിസ്റ്റ് പാർട്ടിയും
തന്നെ യൊ എൻ ഡി പി യാറെസ്പിയാറെസ്സെസ്സ്
എന്നിങ്ങനെ ജനതാ വരെയുള്ളവർ,
തർക്കിച്ചിടുന്നുണ്ട സോഷ്യലിസമിവർ
ഒക്കെയും കണ്ടോർ വിവിധ രൂപങ്ങളിൽ
ചക്കരെയ്ക്കുണ്ടോ അകം പുറമെന്നൊരാറം
മർക്കട മുഷ്ടി പിടിച്ച വാദിച്ചുടൻ
ചക്കപോലാണടാ സോഷ്യലിസം ഒരാറം
ചക്കപോലാണെന്നപരനോതീടിനാൻ
ചക്കകണപോലെ നീണ്ടതാണെന്നൊരാറം
കൊക്കപോലാഴത്തിലാണന്നപരനും
ചട്ടകം പോലെ പരന്നതാണെന്നൊരാറം
തട്ടിൻപുറത്തെ പലകപോലെന്നൊരാറം
വട്ടശിലയോട്ട തുല്യമെന്നേകനും
കുട്ടകമഴ്ത്തിയപോലെന്നപരനും
മൂഢരേ ഇന്ത്യയിൽ സോഷ്യലിസം വെറും
മൂട്ടപടമെന്നതോതിയൊരുത്തനും
ആനയെ'ക്കണ്ട കുരുടരെ പോലെയീ–
ജ്ഞാനമില്ലാത്തവർ തർക്കിച്ചിരിയ്ക്കവെ,
അന്തോണിയേട്ടനവിടേയ്ക്കു വന്നു നി–
ന്നൊന്നുകയർത്തു പറഞ്ഞു തുടങ്ങിനാൻ

(മട്ടുമാറി)

മര്യാദയ്ക്കൊരു കാര്യം പറയാം പററുകാരെല്ലാം
തരേണമേവരും വേറിന്നരിവാങ്ങാൻ ഗതിയില്ല.
ഇരവിലിന്നലെ ചെന്നു കറിയാച്ചൻെറരികിൽ നി–
ന്നിരുപതിൻെറാരു നോട്ടു കടംവാങ്ങി മുടക്കി ഞാൻ,

തിട്ടക്കത്തിൽ ചിലർ വന്ന കടപ്പത്തിലൊരു ചായ
എടുക്കേണം കടിക്കമ്പോഴം കടിസ്സാൻ വല്ലതും വേണം.
മടിക്കാതെ കൊടുക്കേണം കൊടുത്താൽ കാശ്ശമില്ലന്നു്,
മുടിച്ചെൻെറ കടയിന്നാ മിടുക്കപറുകയില്ല.

(മട്ടമാറി)

കാപ്പികടിച്ച കഴിഞ്ഞു തുടങ്ങും രാഷ്ട്രീയക്കോലാഹലവാദം
ആട്ടും തുപ്പും തമ്മിൽ നടക്കം പാട്ടിനു പിന്നീടവരവർപോകം.
നാട്ടുവിശേഷ മസംബ്ലിവിശേഷം കേരളം കേന്ദ്രത്തിൻെറ
വിശേഷം
റഷ്യയിലുള്ളവിശേഷം പിന്നെ പേർഷ്യയിലുള്ള വിശേഷം
കേരളം
ഇററലി ബ്രിട്ടനമേരിക്കാ ഫ്രാൻസപ്പോഴം ജർമൻ ജപ്പാന് –
ചൈന
ഇപ്പരുവത്തിൽ വാചകമെത്തും അപ്പം തിന്നതിനില്ലൊരു–
കാശ്ശം
കുററം പറയുകയല്ലൊരുതെല്ലും പററുതരാതിനി പററുകയില്ല.
ഇത്ഥമുരച്ച കയർത്തു വിയർത്തു വൃദ്ധൻ ചെന്നൊരിടത്തു–
വസിച്ചു.
ഹസ്തം കൊണ്ടു കഷണ്ടിത്തലയുടെ മധ്യത്തൊന്നു ചൊറിഞ്ഞു–
പറഞ്ഞു.

(മട്ടമാറി)

ഇന്നുകാലത്തെയെഴുത്തൊന്നു പോസ്റ്റുമാൻ
തന്നുമത്തായീ നിനക്കുതന്നീടുവാൻ
ചന്ദനപ്പള്ളിയിൽ നിന്നായിരിക്കുമി
തൊന്നുനോക്കിക്കേ വിശേഷമെന്തായിടാം
അന്നമ്മ വല്ലതും ദണ്ഡമോ ദീനമോ
വന്നതോ മാസം തികഞ്ഞതോ പെണ്ണിനു്
മത്തായി ചൊല്ലി പഠിച്ചവനല്ലഞാൻ
അച്ചായനൊന്നു വായിച്ചു കേൾപ്പിക്കണം

കണ്ണടയില്ലവായിയ്ക്കവാനിന്നെൻറെ
കണ്ണടതാഴെ വീണല്ലോ തകർന്നുപോയ്
ഉണ്ണിയും ചാത്തനും കോന്നനും ചേന്നനും
കണ്ണുകാണാത്തവരല്ലിരിക്കുന്നവർ
നിങ്ങളാരാനുമിക്കത്തിലെന്താണെന്ന-
തൊന്നുവായിച്ചിവനെ ധരിപ്പിക്കുവിൻ.
ഉണ്ണിമുതൽപ്പേരിരുന്നു വിഷണ്ണരാ-
യൊന്നുമനങ്ങാതടിയേററ മാതിരി.

(മട്ടുമാറി)

അതിലൊരുവൻ മുകതമാററീ-
ട്ടിതുപോലുര ചെയ്തു പതുക്കെ
ഹരിയെന്നു പഠിച്ചവരല്ലേ
കുറിനോക്കാനറിയുകയില്ലേ.
മുഖമത്തുമങ്ങി
ചിലരുപതുങ്ങി
കഴിവതൊതുങ്ങീ
ഇതു മുഴവൻ നോക്കിമിഴിച്ചു
പുരികക്കൊടിയൊന്നുചുളിച്ചു.
മനമതിലന്തൊന്നിനിനച്ചു
ഇവരിവിടെന്തിന്നു ജനിച്ചു

(മട്ടുമാറി)

കേട്ടുതുറന്നു പറഞ്ഞതന്തോണി—
ച്ചേട്ടൻ കലുഷിത ഭാവത്തോടും
കഷ്ടം കഷ്ടം നിങ്ങടെ ജന്മം
നഷ്ടമതെന്നേ പറവാനുള്ളൂ.
പൊട്ടക്കണ്ണന്നു പൊന്നറിയാമോ
പട്ടിയറിഞ്ഞോ പട്ടികജാതി.
പോട്ടിലിരിക്കും തവളയറിഞ്ഞോ

നാട്ടി നരൻ കൊടി ചന്ദ്രനിലെന്നു്.
ഇതു വിധമനവധി ജനതതിയിന്നും
ഇവിടെ ജനിച്ചുവളർന്നു മരിപ്പൂ
ഗതിയില്ലാത്തവര ഗതികളക്ഷര-
മറിവില്ലാത്തെഴുപതു ശതമാനം
കഥയറിയാതാട്ടം കാണും വിധ-
മനവധി രാഷ്ട്രീയങ്ങളിലായി
ജാതിമതാദികളാകിയ പാതയി-
ലേതിലുമീസാധുക്കളെ നിർത്തി
നേതാക്കൾ മുതലെന്നുമെടുക്കും
ബോധം കെട്ടവർ തമ്മിലടിക്കും.
പദ്ധതിയുണ്ടു് വികസനമുണ്ടു്
നിർദ്ധനരെ നിങ്ങൾക്കുതരാനായ്
ഏലാവികസനമാർക്കൊരു കെജ്റ
പോരാത്തോർക്കു കൊട്ടക്കും ബ്ലോക്കിൽ
പഞ്ചായത്തിൽ വികസനമുണ്ടവി-
ടഞ്ചോപത്തോ പേർക്കു ലഭിക്കും
എന്തിനു പറയുന്നയ്യോ ചിലരുടെ
സന്തതികൾക്കുമവർക്കും നേട്ടം.

മുപ്പതുശതമാനം സാക്ഷരരുടെ
ചേപ്പിനകത്തീ നമ്മളശേഷം
ഓക്കാനിക്കുന്നുള്ളാൽ നമ്മെ
ചാക്കിൽ കേററാൻ പുഞ്ചിരിതൂകും
ഉദ്യോഗം കൃഷി വ്യവസായം ഭൂ-
സ്വത്തും ചിലരുടെ കൈവശമിന്നു്.
വിദ്വാന്മാർ പല പദവികളിൽ നി-
ന്നുദ്ധാരണപദ്ധതി ചെയ്യുന്നു.
എത്ര വിദഗ്ദ്ധതപൂച്ചയ്ക്കെലിയുടെ
പട്ടിണിയിൽ പരിതാപമുദിക്കാൻ
ഏട്ടുംപൊട്ടും തിരിയാത്തവരേ
കഷ്ടം നിങ്ങളിതറിയുന്നുണ്ടോ.

തട്ടിവിടുന്നതു കേട്ടാൽതോന്നും
പൊട്ടയിലെ സർവ്വജ്ഞരിതെന്ന്
ഊമകളെപ്പോലിതു കേട്ടേവരും
ആമയമോടുവസിച്ചീടുമ്പോൾ
പെട്ടെന്നവിടേക്കെത്തിയൊരുത്തൻ
കട്ടപ്പൻ കൂലിപ്പണി ചെയ്‌വോൻ
കട്ടൻ കാപ്പിക്കോർഡറുചെയ്തി—
ട്ടിഷ്ടനമവിടൊരു ബഞ്ചിലിരുന്നു.

(മട്ടുമാറി)

ശരിക്കു ചുററിലും നോക്കി
കഥിച്ചു കട്ടപ്പനപ്പോൾ
മരിച്ചവീട്ടിലെ മട്ടിൽ
ഇരിക്കുന്നേവരുമൊന്നു—
മുരയ്ക്കാതെ കടയ്ക്കുള്ളിൽ
വലിച്ച മട്ടിലെല്ലാരും.
ഇതു കേട്ട കടക്കാരൻ
കഥ ചൊല്ലിയതി വേഗം
എതിരെന്നോടിതിയാന്മാർ
ക്കതിനുണ്ടേലറിവില്ല
ചതിയന്മാരുടെ നാട്ടില്യ—
ലുതകാത്തോർ പഠിക്കാത്ത
ബധിരരിന്നിവരയ്യോ
വിധിയെന്നു പറഞ്ഞീടും.

(മട്ടുമറി)

ഇത്ഥം പറഞ്ഞു കത്തന്തോണിയേട്ടനം
മത്തായി തൻ കയ്യിലേകീട്ടുചൊല്ലിനാൻ
മർത്ത്യലോകത്തിൽ പിറന്ന മാടെന്നപോ—
ലൊത്തില്ലൊരുത്തനും കത്തുവായിച്ചിടാൻ
കേട്ടുകൂട്ടത്തിലിരുന്ന കട്ടപ്പനും

കത്തുവാങ്ങിച്ചു വായിച്ചു കേംപ്പിച്ചുടൻ
മത്തായികാര്യം ഗ്രഹിച്ചെഴുത്തും കൊണ്ടു്
പത്തനം പൂകാൻ പുറപ്പെട്ടുമെല്ലവെ
കത്തു വാക്കൊക്കെയും കേട്ടൊട്ടിളിഭ്യരായ്
നത്തുപോലങ്ങിങ്ങിരിക്കും സഹജരെ
ആർദ്രതാഭാവേന നോക്കിപ്പറഞ്ഞുടൻ
ആർക്കും പരിഭവം തോന്നരു തൊട്ടുമേ
നിങ്ങൾ പഠിക്കണം പ്രായമായെങ്കിലും
ചങ്ങാതിമാരെ വരിവിനെല്ലാവരും
ഇന്നു വയോ ജനങ്ങൾക്കു പഠിക്കുവാൻ
വന്നോരവസരം പാഴിലാക്കാതിനി
കിട്ടവും കോരുവും ശങ്കരൻ കാളിയും
കൊച്ചമീതയ്യപ്പനപ്പാവുമേശരി
ചെട്ടിപ്പരമു കരുണാകരൻ ചെണ്ട—
കൊട്ടുന്നയാളുമീ ഞാനുമെന്നും വരും.
ഞങ്ങൾ പഠിക്കുന്നു രണ്ടുമാസം മുത—
ലിന്നീയെഴുത്തു ഞാൻ വായിച്ചതങ്ങനെ.
മാധവൻപിള്ള സാർ കൂടാതെ നമ്മുടെ
മോഹനൻസാറും പഠിപ്പിക്കുവാൻ വരും
പോരുവിൻ വായനശാലയിൽ നിങ്ങളി—
ന്നേവരുമൊത്തു വയോജനക്ലാസ്സിനു്.

മൂന്നു്

സാക്ഷരത

അറുപതു ചെന്നിട്ടക്ഷരമിനിയും
പറയാനൊന്നു പഠിയ്ക്കണമെന്നോ.

കുറിയാചൊന്നതിന്നുത്തരമിങ്ങനെ
മറിയാമ്മച്ചേട്ടത്തി പറഞ്ഞു.
കെറുവിക്കാതെൻ ജ്യേഷ്ഠത്തീ അതി–
നൊരു കുറവില്ല പറഞ്ഞുതരാം ഞാൻ.
അറിവില്ലാതീക്കാലത്തുള്ളൊരു
പൊറുതി നിനക്കാൻ പോലുംവയ്യ.
ചെറിയാച്ചന്നൊരബദ്ധം പററിയ-
തറിയണമൊററികൊടുത്തതു തീററയ്.
പറവേലിക്കാർക്കായി പറമ്പും
നിറമിഴിയാൽ ചെറിയാച്ചനിരുന്നു.
തെററിതു പോലെ പലർക്കും പററി
കുററമതല്ല ക്ഷരമറിയാതെ
ഉററവരായാൽ പോലും നമ്മെ
പററിക്കുന്നൊരു കാലമതായി.
ഒരു കഥ പറയാം ഇന്ത്യയിലിന്നും
എഴുപതു ശതമാനം ജനതക്കും
ഗതിയില്ലാതെ ഭവിച്ചതു നമ്മുടെ
വിധികൊണ്ടെന്നു ധരിച്ചീടരുതേ.
അറിവുള്ളവരുടെ കയ്യിലൊതുങ്ങി
പലരും നമ്മൾ പാവകളായി.
അവരുകളിപ്പിക്കുന്നതു നമ്മെ
വിവിധ തരത്തിലറിഞ്ഞീടേണം.
അക്ഷരമറിവില്ലാത്തൊരുനമ്മൾ
പക്ഷിമൃഗാദികളേക്കാൾ കഷ്ടം.
രക്ഷവരാനൊരു ലക്ഷ്യം വേണം
അക്ഷരമുള്ളിലുറക്കണമതിനായ്
ഇന്നുവയോജന വിദ്യാഭ്യാസം
നന്നായിട്ടു നടത്തിവരുന്നു.
വന്നു പഠിക്കണമറിവുണ്ടാകാൻ
പൊന്നു സഹോദരി മടിക്കുടാതെ.

നാല്

ഒരു യാത്ര

പെട്ടെന്നൊരു കത്തെത്തിയെനിക്കതു
പൊട്ടിച്ചു വിവരങ്ങളറിഞ്ഞു
ഇഷ്ടനൊരുത്തന്റെ കല്യാണം, പതി–
നെട്ടാംതീയതി ചെല്ലണമവിടെ.
"കൊട്ടക്കാട്ട പടിഞ്ഞാറേറതിൽ
കുട്ടൻപിള്ളക്കൊരു മകരം സുമതി.
കുട്ടിമിടുക്കി പഠിത്തം പ്രിയാ–
ണിഷ്ടാ, ഇരുപതു വയസ്സുണ്ടാകും
ഇടവം രാശി വിവാഹമുഹൂർത്തം
വരണം യാതൊരുപേക്ഷയുമരുതേ."
കല്യാണത്തിൻ തീയതിവന്നു
മെല്ലെന്നുഷസിലുണർന്നുകുളിച്ചു.
നല്ലൊരുവേഷമണിഞ്ഞു നാഷണൽ–
ഹൈവേയിൽ വണ്ടിക്കായ് നിന്നു
സർക്കാർ വണ്ടികൾ ചിലതതുവഴിപോയ്
നിർത്താതവരു കടന്നു കളഞ്ഞു
സത്യം പറയാമാളില്ലുള്ളിൽ
ബുദ്ധിമുട്ടാകാമതു നിർത്താൻ.

വയ്യാത്ത വൃദ്ധൻ നടക്കുന്നമാതിരി

അയ്യോ പൊളിഞ്ഞൊരു വണ്ടിവരുന്നതാ
കയ്യൊന്നു കാണിച്ചട്ടങ്ങു വന്നു, വണ്ടി
പയ്യെനിന്നു, പരദൈവത്തെയോർത്തുഞാൻ
ഒന്നു രണ്ടാളതിൽ നിന്നിറങ്ങി പിന്നെ
വന്ന ചാൻസൊട്ടും കളയാതെ കേറി ഞാൻ
നിന്നിടാൻ പോലുമിടമില്ല വണ്ടിയിൽ
ചെന്നൊന്നു ഞാന്നിടാൻ പോലുമില്ലവഴി
തള്ളും ബഹളവും തേങ്ങലും മോങ്ങലും
പിള്ളാരിടക്കിടെ, തള്ളമാർ ഛർദ്ദിലും
വല്യമ്മമാർ, മുത്തുക്കന്മാർ, വധൂവരർ
കല്യാണമാകാത്ത മററുള്ള സെററുകൾ,
വിദ്യാർത്ഥികൾ കൂലിവേല ചെയ്യുന്നവർ,
ഉദ്യോഗമുള്ളവർ, രാഷ്ട്രീയകക്ഷികൾ
ഒക്കെനെട്ടക്കെനെട്ടകമ്പിയിൽ ഞാന്നു
സർക്കാരു ബസ്സിൻെറയുള്ളിൽ കിടക്കവേ
നേർക്കന്നു കണ്ടക്ടർ, "ചില്ലറയില്ലെങ്കിൽ,
ചാക്കുകെട്ടുംകൊണ്ടുതാഴത്തിറങ്ങെടോ"
"മൂക്കാതെ സാറേ മുതുക്കനോടിങ്ങനെ
നാൽക്കാലിയെപ്പോലെ"യെന്നന്യനോതിനാൻ
ടിക്കററുറാക്കുമായോതി കണ്ടക്ടരും
തോക്കിന്നകത്തേറി നീ വെടിവെക്കയോ?
'ചേക്കാള്'യെപ്പോലിറക്കിവിട്ടേക്കുന്നു
പോക്കൊന്നുമില്ലാത്ത പിള്ളരെ കോളജിൽ
'സാറിനു പററിയ ജോലിയല്ലാ"യിതെ–
ന്നാരോ കമൻെറാന്നിറക്കി വിദ്യാർത്ഥികൾ
"ഫോറസ്റ്റുഗാർഡായ് നിയമിതനാകേണ്ട
സാറിനെ കണ്ടക്ടറാക്കിയോരെപ്പററ്"
'നീയൊക്കെ മന്ത്രിയാകുന്ന കാലം കുടുംബ–
ത്തിലുള്ളോരെ നിയമിക്കയങ്ങനെ
'വണ്ടിയും കണ്ടക്ടറുമൊരുപോലെയാ

രണ്ടിനേം ഷെല്ഫിലാക്കാത്തതെന്താണഹോ?'
കൂക്കിവിളികൾ തുടങ്ങി വിദ്യാർത്ഥികൾ
മൂർഖനാം കണ്ടക്ടറെച്ചൊടിക്കയായ്
അർഹതയില്ലാത്ത ജോലികൊടുക്കുന്ന
പ്രക്രിയ നമ്മുടെ നാട്ടിൽ പതിവത്രെ
പട്ടിയെക്കൊണ്ടു ചുമടെടുപ്പിക്കയും,
ഒട്ടകത്തെ ഉഴാനായ് നിയമിക്കയും
എന്തൊരു കഷ്ടം നിയമനം ചെയ്യുവോർ
മെൻറലോസ്പിററലിൽ നിന്നോടിവന്നതോ?
ഡോക്ടറേററുണ്ട് ബിരുദമെന്നാകിലോ
ക്ലാർക്കു ജോലിക്കു നിയമനം ചെയ്തിടും
ബീകോം പരീക്ഷ ജയിച്ച വിരുതനു
വാച്ചർ പണി ലഭിക്കാൻ ശ്രമിച്ചീടുകിൽ.

മിഴിച്ചു വണ്ടിക്കു നിന്നു
നരച്ചു നാണവും കെട്ടു
നശിച്ച ഡിപ്പാർട്ടുമെൻറായ്
ഗണിച്ചു മാനസം കൊണ്ട്
ശപിച്ചു കാത്തിരുന്നാളൊ–
ന്നകത്തു കേറിയാൽ പിന്നെ
കടുത്തഭാവമാതാത–
നെടുത്ത വണ്ടിയായ് തോന്നും
അടുത്തു മറെറാരുത്തരെ–
യിരുത്താറില്ലതും പോട്ടെ
പുറത്തുനിന്നു യാത്രക്കാർ
കരത്തെ കാട്ടിയാ "ലാളെ–
യെടുത്താലെങ്ങനാ സാറെ
അകത്തെ തള്ളുകണ്ടില്ലെ"?
കനത്തിലിങ്ങനെ ചൊല്ലും
മമ താം അന്യരോടില്ല.
ഇരച്ചു പോകവേ വണ്ടി

നിലച്ചുമുമ്പോട്ടെടുക്കാൻ
ശ്രമിച്ചു ഡ്രൈവറും പിന്നെ
മലച്ചു പിമ്പോട്ടു നോക്കി
മിഴിച്ചു കണ്ടക്ടറോടായ്
ഉരച്ചു വണ്ടിപോകില്ല.
ചതിച്ചോ ദൈവമേയെന്ന്
നിനച്ചു യാത്ര ചെയ്യുന്നോർ
അടുത്ത വണ്ടിയും നോക്കി
പുറത്ത് കാത്തിരിപ്പായി.

കല്യാണത്തിനു നേരം പോയി
ഇല്ലാ വണ്ടികളൊന്നും തന്നെ
വഴിയരികിൽ വണ്ടികളും കാത്ത്
പലതുമിതിങ്ങനെ ചിന്ത തുടങ്ങി
സർക്കാർ സർവ്വീസുകളുടെ പതനം
ഓർക്കുമ്പോഴിന്നെത്ര ദുരന്തം
തുക്കം കൂടിയ തലവന്മാരുടെ
പോക്കറ്റുകളിൽ സർവ്വീസെല്ലാം
ഉണ്ടാക്കുന്നു പൊതു മുതൽ ചോർത്തി
കണ്ടുര ചെയ്യാൻ പണിയുണ്ടേറെ
ശണ്ഠാ മൂഴത്താൽ വണ്ടികളുടെ മേൽ
ഉണ്ടാക്കുന്നു കുഴപ്പം പലതും
ഏറും തല്ലും ടയറു മുറിക്കൽ
ടാറടി തീവെപ്പെന്നിവ പലതും.

പല സമരം നാട്ടിൽ നടന്നു
പല ഭരണം മാറിവരുന്നു
പൊതുമുതലോ ഇന്നു തകർന്നു
ചിലരിന്നതിൽ നിന്നുമുയർന്നു
ചതിയിലുടക്കി ജനത കുടുങ്ങി
ചിലതുമുടിഞ്ഞു മുതലുമൊടുങ്ങി.

വണ്ടികളില്ല സമയത്തൊരിക്കലും
ഉണ്ട ഗ്യാരേജിലും പിന്നെ വഴിയിലും
മണ്ടിടാതെ മരിച്ചപോലെ കിടക്കുന്നു
കണ്ടാൽ സഹിക്കുമോ നാട്ടാരിതൊക്കെയും?
ജോലി ചെയ്യേണ്ടവർ ചെയ്യിച്ചിടേണ്ടവർ
കാലപുരിക്കു പാസ്പോർട്ടെടുത്തോ ശിവ !
മോട്ടോർ സ്പെയർ പാർട്ട്സ് വാങ്ങും വകയിലും
വെട്ടിപ്പ്, തന്നെ കൊടുക്കുന്നവയിലും
വേഷം ഒരോന്നു മാറിമാറി വരുന്നൊരു
ഫാഷനാം നമ്മുടെ വണ്ടിക്കുമുള്ളത്
ഫാസ്റ്റിനുമോർഡിനറിക്കുമെക്സ്പ്രസ്സിനും
ബോർഡൊന്നു മാറുമതുതന്നെ ഡീലക്സും
ഉണ്ടു പഴഞ്ചൊല്ലു 'നായ് കണ്ട കഞ്ഞി'യായ്
കണ്ടു ജനങ്ങളീഡിപ്പാർട്ടുമെൻറിനെ
'നഷ്ടമാനഷ്ടമായെന്നു'ജൽപ്പിക്കുന്ന
കൂട്ടരൊന്നോർക്കണേ പ്രൈവററു വണ്ടികൾ
നേട്ടത്തിലല്ലയോ നിങ്ങളവർക്കിന്നു
കൂട്ടുനിൽക്കുന്നെന്നു തോന്നും നിശബ്ദരായ്
കാണേണ്ടവരെയവർചെന്നു കണ്ടിട്ടും
വേണ്ടുന്നതെത്തിച്ചുവേണ്ടാത്തതൊപ്പിക്കും
മെല്ലെന്നു മററൊരു വണ്ടിവരുന്നു
ഝടിതിയുടനവിടെയൊരുബഹളമതുകണ്ടു
ഞാനും പതുക്കെയെഴുന്നേററുനിന്നു
ചിലരു ചിലവലിയ പൊതി തലയിലുംഥ കൊണ്ടു
ഭാര്യയെന്നോർത്തന്യ നാരിയേയും കൊ—
ണ്ടൊരുവനതിബഹളമതിനിടയിലുടനേറി
ടർക്കിപോയേകൻെറ തുവാല പോയി
അടിമുടിയുമൊരുവളുടെ പുടവയതുകീറി
മാലപോയ് കാലേൽ ചെരിപ്പൊന്നുപോയി
വലിയ ചില നിലവിളിയുമിടയിടെ മുഴങ്ങി

നിൽക്കാൻ സ്ഥലമില്ലാതെ ഞരങ്ങു—
ന്നപ്പോൾ വണ്ടിക്കകമെന്തെല്ലാം!
കുട്ടകൾ, വട്ടികൾ, ചാക്കിൻ കെട്ടുകൾ
പെട്ടികൾ, വല്ലക്കൊട്ടെന്നിവകൾ
"ആളുണ്ടേറെക്കേറാൻ വണ്ടിയി—
ലാരും വെക്കരുതൊരു സാധനവും
വേഗമെടുത്തിവ വണ്ടിയുടെ മുകൾ
ഭാഗത്തിട്ടാലെന്തു കുഴപ്പം?"
നല്ലവനാകിയ കണ്ടക്ടർ
പലസൊല്ലുകളും ഒഴിവാക്കിയ മൂലം
എല്ലാവരുമതിനുള്ളിൽ കയറി
തെല്ലും വൈകാതോടീ ബസ്സും
ഞാനുമിറങ്ങേണ്ടിടമായുടനെ
സാറെയിറങ്ങണമെന്നരചെയ്തു
മെല്ലെയിറങ്ങി നടന്നു ഞാനും
കല്യാണം നേരത്തെ കഴിഞ്ഞെ—
ന്നെല്ലാം ചിലരിൽ നിന്നുഗ്രഹിച്ചു
വല്ലാതായി വളിച്ച മുഖത്തോടി—
ല്ലത്തേക്കു തിരിച്ചു ഞാനും

□

ഇതുവരെ പ്രസിദ്ധീകരിച്ച ബുക്ക് ക്ലബ് പുസ്തകങ്ങൾ

1	ജന്തുലോകത്തിൽ	പി. കെ. ഉത്തമൻ	5–00
2	വായിലെ കാൻസർ	ഡോ. കെ. ചന്ദ്രശേഖരൻ നായർ	2–00
3	പോഷണം	പി. ബി. സുഹറ	1–25
4	അപസ്മാരം	എസ്. വിജയം	1–50
5	ഫലമൂല സംരക്ഷണം	എം. എസ്. ഏലിയാമ്മ	2–00
6	യൂറീക്കയുടെ കഥ	ടി. കെ. കൃഷ്ണൻ നായർ	2–00
7	കടൽ ജീവികൾ	ഡോ. വി. ശാന്തകുമാരി	5–00
8	പാപി	പ്രൊഫ. എസ്. ശിവദാസ്	2–50
9	ഗണിതകൗതുകം	പ്രൊ. പി. രാമചന്ദ്രമേനോൻ	5–50
10	മനുഷ്യശരീരം	പ്രൊഫ. എം. സ്റ്റീഫൻ	3–00
11	മനസ്സിന്റെ ലോകം	ടി. ആർ. ശ്രീനിവാസ്	3–50
12	ഉൽക്കകൾ	എം. എൻ. ശശി	3–00
13	പരിസരമലിനീകരണം	കെ. എൻ. പി കുറുപ്പ്	5–50
14	ലോഹങ്ങൾ	പ്രൊ. കെ. ആർ. ജനാർദനൻ	3–00
15	ഭീമന്മാർ	പി. കെ. രവീന്ദ്രൻ	4–50
16	മരണമേ വഴിമാറൂ	പ്രൊ. വി. കെ. ദാമോദരൻ	2–50
17	പവിഴപ്പുറ്റുകളുടെ ലോകം	സി. എസ്. ഗോപിനാഥപിള്ള വി. കുഞ്ഞുകൃഷ്ണപിള്ള	6–00
18	നിങ്ങളുടെ കണ്ണുകൾ	ഡോ. ടി. കെ. സതീശ് ചന്ദ്രൻ	5–00
19	നാളെയുടെ പൂക്കൾ	സി. ആർ. ദാസ്	2–00
20	നക്ഷത്രങ്ങൾ	പി. ആർ. മാധവപ്പണിക്കർ	7–50
21	പ്രാസ	ഡോ. കെ. പി. ധർമ്മരാജയ്യർ	2–50
22	തുണിയുടെ കഥ	ഏ. സലാഹുദീൻ കുഞ്ഞ്	5–50
23	ഉപ്പുതൊട്ടു കർപ്പൂരം വരെ	പി. കെ. രവീന്ദ്രൻ	3–00

24	വിചിത്രജീവികൾ	ജി. കരുണാകരൻ നായർ	5–50
25	ജീവിക്കാൻ അനുവദിക്കൂ	ഡോ. ജി. കെ. കാരണവർ	2–50
26	രാഗം താളം സ്വപ്നം	പ്രൊ. എസ്. ശിവദാസ്	2–00
27	സൗരയൂഥത്തിലെ കഥകൾ	പി. ആർ. മാധവപ്പണിക്കർ	2–00
28	പരിസരസംരക്ഷണം	കെ. എൻ. പി. കുറുപ്പ്	7–50
29	ചൂടും തണുപ്പും	കെ. സുധാകരൻ	2–00
30	ഗുരുത്വാകർഷണം	ഡോ. ജോർജ് എം. തോമസ്	3–50
31	ഹോർമോണുകൾ	കെ. എസ്. രവിശങ്കർ	5–00
32	പുതിയ ഭൂമി	കെ. എസ്. റാണാ പ്രതാപൻ	4–00
33	അഗ്നിവ്യൂഹം	പ്രൊ പി. ജി. ബാലകൃഷ്ണൻ നായർ	1–50
34	ശത്രുസംഹാരം	പി. ആർ. വിശ്വംഭരൻ	3–00
35	ചൊവ്വായിലേക്ക്	കെ. ആർ. കര്യൻ	6–50
36	ശാസ്ത്രം സമൂഹത്തിൽ	ഡോ സി. എൻ. പരമേശ്വരൻ	8–00
37	ശാസ്ത്രഗീതങ്ങൾ	ചേപ്പാട് ഭാസ്ക്കരൻ നായർ	3–50
38	സെക്സിൻെറ മായാജാലങ്ങൾ	പി. പി. കെ. പൊതുവാൾ	4–00
39	ആൽബർട്ട് ഐൻസ്റ്റൈൻ	കീററുപുറത്തു കുട്ടപ്പൻ	5–50
40	താപം	എം. എൻ. ശശി	3–50
41	അറിവിൻെറ പേജുകൾ	എ. പി ജയരാമൻ	3–50
42	തല തിരിഞ്ഞ ഭൗതികം I	ഡോ എം. പി. പരമേശ്വരൻ	9–00
43	കുട്ടനാട്	ജോൺ ഏബ്രഹാം	5–50
44	സൂര്യനും ഗ്രഹങ്ങളും	പി. ആർ. മാധവപ്പണിക്കർ	10–00
45	വരദാനം	കോന്നിയൂർ ആർ. നരേന്ദ്രനാഥ്	4–00
46	കേരളത്തിലെ വിദ്യാഭ്യാസം	ഡോ. പി. ആർ. ഗോപിനാഥൻ നായർ	5–50
47	നിങ്ങളുടെ ഡോക്ടർ	(അച്ചടിയിൽ)	